## 478

*ഒന്നാം സങ്കീർത്തനം*

മനുജനിവൻ ഭാഗ്യവാൻ മനുജനിവൻ ഭാഗ്യവാൻ
വിനയാം ദുഷ്ടരിന്നാലോചനയിൽ നടക്കാതുള്ള

1 തിരിഞ്ഞു പാപികളുടെ വഴിയിൽ നിന്നിടാതെയും
പരിഹാസികളിൻ പീഠത്തിരുന്നിടാതെയുമുള്ള-

2 തനതിഷ്ടം ദേവവാക്കിൽ ദിനവും വച്ചതിൽ നിന്നു
മനസ്സിലെല്ലാനേരവും നിനച്ചു ധ്യാനം ചെയ്യുന്ന-

3 ആറ്ററികത്തു നട്ടു-വാട്ടം ഇലയ്ക്കില്ലാതെ
ഏറ്റകാലത്തു കനികായ്ക്കും വൃക്ഷത്തോടൊത്ത-

4 ചെയ്യുന്നതെല്ലാമവൻ മെയ്യായ് സാധിക്കും ദുഷ്ട-
കയ്യർ പാറ്റിക്കളയും തീയിൽ പതിർപോൽ തന്നെ-

5 നല്ലോർ വഴിയെ സർവ്വവല്ലഭനറിയുന്നു
വല്ലാത്ത ദുഷ്ടർ വഴി എല്ലാം നശിച്ചുപോകും-

6 അതിനാൽ ദുഷ്ടന്മാർ ന്യായവിധിയിങ്കലും പാപികൾ
എഴുന്നേറ്റിടാ നീതിയുള്ളവരിൻ സഭയിങ്കലും-

7 ക്രിസ്തുനാമമേ ജയം ക്രിസ്തുനാമമേ ജയം
ക്രിസ്തേശുനാമത്തിന്നു എന്നും ജയം ജയമേ- J.J.